# ഭോഷനായ ധനികൻ, വയലിലെ ലില്ലിയും, വിതയ്ക്കാത്ത കാക്കയും (സ്വത്തു തർക്കം)

വി. ലൂക്കാ 12/13-21 -വ്യർത്ഥസുരക്ഷിതത്വത്തിനെതിരെ
വി. ലൂക്കാ 12/22-32, വി. മത്തായി 6/25-33 പരിപാലന, വി. ലൂക്കാ 12/33-34

**Homily points collected by Fr. George Kanamkudam. Fr. Kanamkudam can be reached at** frgkanamkudam@rediffmail.com

## ആമുഖം

ഭയംകൂടാതെ തനിക്കു സാക്ഷ്യം നൽകേണ്ടതിനെക്കുറിച്ചു യേശു സംസാരിക്കമ്പോൾ അതിലൊന്നും താല്പര്യമില്ലാത്ത ഒരാൾ തന്റെ സ്വത്തുതർക്കം തീർക്കാൻ യേശുവിനെ ക്ഷണിക്കുന്നു. "ഞാനുമായി" എന്ന പദം അയാൾ ഉപയോഗിക്കുന്നു. സ്വാർത്ഥതയുടെയും സ്വന്തമാക്കലിന്റെയും പദമാണല്ലോ അത്. സ്വാർത്ഥതയുടെ പൂരണത്തിനു തന്നെ സമീപിച്ച മനുഷ്യനെ ഈശോ മനുഷ്യാ എന്ന വിളിയോടെ കുറ്റപ്പെടുത്തുന്നു. തർക്കത്തിൽ ഇടപെടാനുള്ള അപേക്ഷ നിരസിക്കുന്നു.

## റബിമാർ

റബിമാർ തർക്കങ്ങളിൽ മദ്ധ്യസ്ഥരാകാറുണ്ട്. സ്വത്തു പങ്കുവയ്ക്കുന്നതു സംബന്ധിച്ചു ചില നിയമങ്ങളും ഉണ്ടായിരുന്നു. നിയ. 21/17 പറയുന്നു, രണ്ടു പുത്രന്മാരുണ്ടെങ്കിൽ മൂത്തവനു മൂന്നിൽ രണ്ടു ഭാഗവും ഇളയവന് ഒരു ഭാഗവും നൽകണം. സംഖ്യ 27/8 പ്രകാരം പുത്രന്മാരില്ലെങ്കിൽ പുത്രിമാരാണ് അവകാശികൾ.

## ദൈവഹിതത്തിന് കീഴ്വഴങ്ങുന്ന വ്യഗ്രത.

തിരുവചനം കേൾക്കുമ്പോൾ വഴക്കിന്റെ മൂലകാരണമായ ആസക്തി മാറിക്കൊള്ളുമെന്നു ഈശോ കരുതിയിരിക്കാം. യേശു, അവകാശത്തർക്കത്തിൽ ഇടപെടാനുള്ള അഭ്യർത്ഥനയെ തുടർന്ന്, സമ്പത്തിന്റെ ശരിയായ ഉപയോഗത്തെ പറ്റി സംസാരിക്കുന്നു. തർക്കം തീർക്കൽ തന്റെ ദൗത്യത്തിന്റെ ഭാഗമായി ഈശോ കാണുന്നില്ല. അത്യാഗ്രഹം നല്ലതല്ലെന്നും സമ്പത്ത് ജീവൻ ഉറപ്പു വരുത്തിന്നില്ലെന്നും ഈശോ തുറന്നു പറയുന്നു, ഒരു ഉപമയിലൂടെ. നമ്മുടെ വ്യഗ്രത ദൈവരാജ്യത്തെക്കുറിച്ചായിരിക്കണം. ദൈവഹിതത്തിന് കീഴ്വഴങ്ങുന്ന കാര്യത്തിലാകണം വ്യഗ്രത.

## പേരില്ലാത്ത മൂഢൻ

പേരില്ലാത്ത ഒരുവൻ വളരെ നാളത്തേക്ക് തിന്നുകുടിച്ച് ഉല്ലസിക്കാൻ സമ്പാദിച്ചു സൂക്ഷിക്കുന്നു. മരണാനന്തര ജീവിതത്തെക്കുറിച്ച് ചിന്തിക്കാത്ത അയാളെ ദൈവം മൂഢൻ എന്നു വിളിക്കുന്നു. മരണത്തിൽ സമ്പാദ്യം കൂടെ കൊണ്ടു പോകാനാവില്ലെന്ന് അയാൾ മറക്കുന്നു. സമ്പാദിക്കുന്നതൊക്കെയും തനിക്കുവേണ്ടി മാത്രമാണെന്നും ആവശ്യക്കാരനുമായി പങ്കുവയ്ക്കാനുള്ളതല്ലെന്നും ചിന്തിക്കുന്ന അയാൾ പാപിയായി.

## അവനവനിസത്തിന്റെ ഉപാസകർ

എല്ലാവരും നേട്ടത്തിനായി തിരക്കിട്ടോടുന്നു. കൈയടക്കാൻ മത്സരിക്കുന്നു. ഞാനും എന്റെ കാര്യങ്ങളും മാത്രം ശ്രദ്ധിക്കുന്നു. സമ്പത്ത്, പേര്, പെരുമ, സുഖം ഇവയോടുള്ള ആസക്തി കൂടുന്നു. എന്റെ ജീവിതം മാത്രം സ്വപ്നം കാണുന്നു. അവനവനിസത്തിന്റെ ഉപാസകരാകുന്നു.

## ജീവിതശൈലി

ഈ ഉപമ പാവങ്ങൾക്കു പണകാരെ ഓർത്തു ചിരിക്കാനുള്ളതല്ല, ആകുലതയില്ലാത്ത ജീവിതശൈലി വിശ്വാസിക്കുണ്ടാകണമെന്ന് ധരിപ്പിക്കുകയാണ് ലക്ഷ്യം.

# ഭോഷനായ ധനവാൻ

ലൂക്കായുടെ സുവിശേഷത്തിലാണ് ഈ ഉപമകാണുന്നത്. ഒരേയൊരു കഥാപാത്രമുള്ള ഉപമ. പേരില്ലാത്ത കഥാപാത്രം. സമ്പത്തും ദാരിദ്ര്യവും ലൂക്കായുടെ പ്രിയ വിഷയമാണ്. രൂക്ഷതയേറിയ വാക്കുകൾ അദ്ദേഹം ഉപയോഗിക്കുന്നു. "സമ്പന്നരേ നിങ്ങളുടെ സ്ഥിതി ദയനീയം"-6/14. "സമ്പത്തല്ല ജീവിതം ധന്യമാക്കുന്നത്"-12/15. "കൈതുറന്നു കൊടുക്കുക"-6/30-38. "പ്രതിഫലേച്ഛകൂടാതെ പങ്കുവയ്ക്കുക"-14/13-14. "വിട്ടുകൊടുത്തു ധനികനാവുക"- 9/24

ധനം നാല് ന്യൂനതകൾ ഉണ്ടാക്കുന്നു.

1 ദൈവത്തിൽ നിന്നകറ്റുന്നു,
2 മനുഷ്യരിൽ നിന്നകറ്റുന്നു,
3 സ്വാർത്ഥനാക്കുന്നു,
4 അലസനും നിഷ്ക്രിയനുമാക്കുന്നു.

ഈ ഉപമയുടെ പ്രാക്‌രൂപം പ്രഭാഷകന്റെ പുസ്തക (11/18-19) ത്തിൽ കാണാം. "നിരന്തരമായ പ്രയത്നം കൊണ്ടും ലാഭം കൊണ്ടും ധനികരാകുന്നവരുണ്ട്. ഇതാണ് അവരുടെ നേട്ടം. ഞാൻ വിശ്രമം കണ്ടെത്തി, എന്റെ സമ്പത്തിൽ ഞാൻ ആനന്ദിക്കും എന്നവൻ പറയുന്നു. എല്ലാം വെടിഞ്ഞ് ലോകം വിടാൻ എത്രനേരമുണ്ടെന്നവൻ അറിയുന്നില്ല."

സമ്പത്തിൽ സുരക്ഷിതത്വം കണ്ടെത്തുന്നു. ഭക്ഷിക്കുക, കുടിക്കുക, ആനന്ദിക്കുക അതു മാത്രമാണ് ഭാഗ്യം എന്നയാൾ കരുതുന്നു. ധനം വർദ്ധിച്ചതോടെ ഉത്കണ്ഠയും കൂടി. ദീർഘനാളുകൾ ആസ്വദിക്കാനുള്ള സ്വപനം ആ രാത്രിയിൽ തന്നെ തീരുന്നു. എന്നാൽ മരണത്തോടെ സമ്പത്തവന് നഷ്ടമാകുന്നു. ജീവനും നിത്യജീവനും ഇല്ലാതാകുന്നു. നിത്യജീവൻ കൃപയെ ആശ്രയിച്ചാണിരിക്കുന്നത്.

# ഭോഷനായ ധനവാൻ

ധനികൻ കഠിനാധ്വാനത്തിലൂടെയാണ് സമ്പത്ത് സ്വന്തമാക്കിയതെങ്കിലും, ന്യൂന തയായിത്തീർന്നത് വിളവുനൽകിയ നാഥനെ മറന്നു എന്നതിലാണ്. മനുഷ്യനും വിത്തു വിതയ്ക്കാനേ കഴിയു. അതു മുളപ്പിക്കുന്നതും വളർത്തുന്നതും നൂറുമേനി കൊയ്ത്തു ഉൽസവം നൽകുന്നതും ദൈവമാണ്. കൃഷി വെല്ലുവിളി നിറഞ്ഞതാണ്. അനുകൂലമായ കാലാവസ്ഥയും കീടങ്ങളിൽ നിന്നുള്ള സംരക്ഷണയും എല്ലാം ദൈവമാണ് തരുന്നത്. ദൈവത്തിന് ഇനിയും അനുഗ്രഹങ്ങൾ വർഷിക്കാനാവുമെന്നയാൾ മറന്നു.

ഊട്ടി വളർത്തിയ സ്വാർത്ഥത, അനിയന്ത്രിതമായ മമത, നാശകാരണമായി. പങ്കുവയ്ക്കാതിരുന്നതും സഹജരെ മറന്നതും നാശത്തിന്റെ അഗ്നിപർവ്വതത്തിനുമുകളിൽ കിടന്നുറങ്ങുന്നവനെപ്പോലെയാക്കി.

തന്റെ സമ്പത്തുകൊണ്ടു രക്ഷിക്കാമായിരുന്നവരെ അയാൾ രക്ഷിച്ചില്ല, അവനത് ശിക്ഷയായി ഭവിച്ചു. പൂഴ്ത്തിവയ്പിലയാൾ ആനന്ദിച്ചു. വീതിക്കേണ്ട സ്വത്തും മണ്ണും വസ്തുവകകളും  എനിക്കായി മാത്രം സൂക്ഷിച്ചുവയ്ക്കുന്ന ഉദ്യമത്തെ പൂഴ്ത്തിവയ്പു എന്നാണ് പറയുക. ദൈവത്തെ അറിയാത്തവന്റെ ചെയ്തിയാണത്. അനനിയാസും സഫീറയും ഇതു ചെയ്തു. എനിക്കു ഉപേക്ഷിക്കാൻ പറ്റാത്തതിനെ മുറുകെ പിടിക്കാൻ നാം കാരണങ്ങൾ കണ്ടെത്തുന്നു.

ഞാൻ, എനിക്ക് എന്നു മാത്രം ചിന്തിക്കുന്നവന് ജീവിതത്തിന്റെ അർത്ഥം മനസ്സിലാവില്ല. സർവ്വത്ര ഞാൻ. തന്നിലേക്കുതന്നെ ചുരുങ്ങി. കാറ്റും വെളിച്ചവും കടക്കാത്ത ഹൃദയം. ധനികന്റെ ആത്മഗത സംസാരം നമ്മുടെ ഹൃദയത്തെ പിടിച്ചുകുലുക്കുന്നതാണ്. ദൈവവും മനുഷ്യനും അവന് അന്യനാകുന്നു. അപ്പോൾ നിത്യജീവനു പകരം നിത്യനാശം വന്നുചേരും. ജീവനും സ്വത്തും ദൈവം കടമായി തരുന്നതാണ്. മറ്റുള്ളവർക്കു നന്മചെയ്തു അവ വീട്ടണം.

സഭാ സമൂഹത്തിലെ ധനാഗ്രഹികളെയും മുന്നിൽ കാണുന്ന ഉപമയാണിത്. ആദിമ സഭാംഗങ്ങൾ സ്വത്തുവിറ്റു ശ്ലീഹന്മാർ വഴി പാവങ്ങളെ സഹായിച്ചിരുന്നു. ധനസമ്പാദനത്തിനായി കാണിക്കുന്ന വഞ്ചനയും വക്രതയും കാണുമ്പോൾ പണത്തിന് വലിയ മൂല്യമുള്ളതായി നമുക്കു തോന്നാം. ഹൃദയമലിനീകരണമാണ് ഏറ്റവും വലിയ മലിനീകരണം.

മനുഷ്യരെല്ലാവരും നന്നായി ജീവിക്കണമെന്നതാണ് ദൈവത്തിന്റെ ആഗ്രഹം. അതിനായി സമ്പാദിക്കുമ്പോൾ ദൈവത്തേയും പങ്കാളിയാക്കണം. അപ്പോൾ നീതിയോടെ സ്വീകരിക്കാനും കൊടുക്കാനുമാകും. വിശക്കുന്നവരിലേക്കും നഗ്നരായവരുടെ ആവശ്യങ്ങളിലേക്കും കണ്ണുകൾ പതിയണം. ദൈവത്തിനും മനുഷ്യർക്കും വേണ്ടപ്പെട്ടവരായിതീരണം. നേടുന്നവയല്ല, നൽകുന്നവയാണ് ജീവിതം ധന്യമാക്കുന്നത്.  സ്വർഗ്ഗീയ നിക്ഷേപം ദാനം ചെയ്താണ് നേടേണ്ടത്.

# ഭോഷനായ ധനവാൻ

നാട്ടിൽ അനേകരുടെ അറപ്പുരകൾ കാലിയായി കിടക്കുമ്പോൾ സ്വന്തം അറപ്പുര വലുതാക്കുന്നവനായിരുന്നു ധനവാൻ. അത്യാഗ്രഹത്തിന്റെ ബാബേൽ ഗോപുരമായാൾ തീരുന്നു. "പണമെന്നതു കയ്യിൽ വരുമ്പോൾ ഗുണമെന്നതു ദൂരത്താകും."

പിന്നെയും പിന്നെയും സമ്പാദിക്കാനും, പണത്തിനു മീതേ പരുന്തും പറക്കില്ല എന്നു അഹങ്കരിക്കാനും പണം കാരണമാകുന്നു. ആരുടെ മുമ്പിലും തലകുനിക്കേണ്ട എന്ന ചിന്ത. സമ്പാദനചിന്ത ദൈവം മനസ്സിൽ നിന്നിറങ്ങിപ്പോകാനിടയാക്കുന്നു. ദാരിദ്ര്യവു രോഗവും കണ്ണീരും അയാളെ സ്പർശിക്കുന്നില്ല, അയൽക്കാർ ശല്ല്യമായി തീരുന്നു. പാവനബന്ധങ്ങൾ അറ്റു പോകുന്നു.  മരവിപ്പും നിഷ്ക്രിയത്വവും നിറഞ്ഞ ജീവിതം. ദൈവത്തെ ഭയമോ മനുഷ്യരോട് പരിഗണനയോ ഇല്ലാതാകുന്നു. സമ്പാദ്യം എല്ലാവരേയും ഏതെങ്കിലുമൊക്കെ വിധത്തിൽ അധ:പതിപ്പക്കുന്നു.

"ദരിദ്രനോട് കരുണകാണിക്കുന്നവൻ കർത്താവിനു കടം കൊടുക്കുന്നു. അവിടുന്നത് വീട്ടും."-(സുഭാഷിതം 19/17). "പാവപ്പെട്ടവനോടു കരുണകാണിക്കുന്നവൻ ദൈവത്തെ വന്ദിക്കുന്നു"- (സുഭാഷിതം 14/13)

മനുഷ്യന്റെ പ്രത്യേകത വിലകുറഞ്ഞതിനെ വിലയുള്ളതായും വിലയുള്ളതിനെ വിലകുറഞ്ഞതായും കാണും എന്നതാണ്. കടന്നുപോകുന്നവയെ സ്ഥിരതയുള്ളവയായും ദ്രവിച്ചുപോകുന്നവയെ അഴുകുന്നവയെ നിത്യമായതായും കരുതും. അഴുകുന്ന ശരീരത്തിനു മേക്കപ്പു നൽകാൻ സമയം ചെലവഴിക്കുന്ന നാം ആത്മാവിനായി എന്തുചെയ്യുന്നുണ്ട്.

നല്ലവീടും കുടുംബവും മറ്റും ആരുടെയും മോഹമാണ്. ഇതൊന്നും ക്രിസ്തു നിഷേധിക്കുന്നില്ല. ഇവ നേടാനുള്ള വ്യഗ്രതയുടെ അളവാണ് പ്രശ്നം. എല്ലാവരേയും മറന്നുള്ള അവസ്ഥ അതാണ് പ്രശ്നം. ഒരുപാടു പണം വരുമ്പോൾ ഒരു കുന്നിൻ മുകളിൽ കയറിനിന്ന് അവ പറപ്പിക്കുക.

ധനവാൻ ഒരു സ്വപ്നജീവിയാണ്. അയാളുമായി അയാൾ പ്രേമത്തിലാണ്. സ്വയം സ്നേഹം എന്നത് വികലമായ പ്രേമമാണ്. പണം വരുത്തിവയ്ക്കുന്ന വിന അയാൾ അറിയുന്നില്ല. വിവേകരഹിതമായ ആത്മവിശ്വാസം അയാളിൽ നിറഞ്ഞതാണ് വിന. ആത്മാവിന്റെ മൂല്യം അയാൾ മറന്നു.

ഒരുതലമുറ എങ്ങനെ സമ്പാദിക്കാമെന്നു തലപുകയുമ്പോൾ അടുത്ത തലമുറ എങ്ങനെ ചെലവഴിക്കാമെന്നു തലപുകയുന്നു.

# ഭോഷനായ ധനവാൻ

ഉദാരമായി ദാനം ചെയ്യുന്നവൻ സമ്പന്നനാകുമെന്ന് സുഭാഷിതം 11/25 പറയുന്നു. ദാനം ചെയ്യുന്നതിൽ ധാരാളിയാകുക. സമ്പത്ത് ഉരുക്കുകോട്ടയൊന്നുമല്ല. നാം നമ്മെതന്നെ നൽകുന്നതാണ് എറ്റം വലിയ ദാനം.

പങ്കുവച്ചാൽ ധനികൻ ധനികനാകുകയില്ല. എല്ലാവരും എല്ലാവർക്കുമായി നില കൊള്ളുന്ന നല്ലനാളെയാണ് ശിഷ്യർക്കുണ്ടാകേണ്ടത്. അദ്ധ്വാനിച്ച് ജീവിക്കുവാൻ തലമുറകളെ പ്രാപ്തരാക്കണം. അപ്പോൾ പണത്തിന്റെ വിലയും രുചിയും അറി യാനാകും.

ഈ ലോകജീവിതം മുഴുവനും ധനസമ്പാദനത്തിനുപയോഗിക്കുന്ന ഭോഷത്തമാണ് സകലതിന്മയ്ക്കും കാരണമാകുന്നത്. ലോകത്തിന്റെ മുദ്രാവാക്യമാണത്. മനു ഷ്യനും ദൈവത്തിനും പ്രവേശനം നിഷേധിക്കുന്ന അറപ്പുരകൾ നിറയുന്നതാണ് ദുരന്തമായിത്തീരുന്നത്. പത്തായമാണ്, പണപ്പെട്ടിയാണ് സ്വർഗ്ഗമെന്ന് ധനികൻ കരുതുന്നു. നിർധനരുടെ ശൂന്യമായ അറപ്പുരകളെ അയാൾ മറന്നു. ധനം അയാളെ ഉപയോഗിക്കുന്നു എന്നതാണ് ധനത്തിന്റെ തിന്മ. സുഖഭോഗിയുടെ ജീവിതം ഒരു രാത്രിയുടെ ദുരന്തമാകുന്നു. ഒന്നുകിൽ മനുഷ്യന് സമ്പാദിക്കാനറിയില്ല, ചെല വാക്കാനറിയാം അല്ലെങ്കിൽ നേരെ മറിച്ചും. സമ്പാദിക്കാനും ചെലവഴിക്കാനും അറിയുന്നതാണ് വിവേകം എന്നത്. ശവപ്പെട്ടിക്ക് പോക്കറ്റില്ലെന്നയാൾ അറിയ ണം.

സാമ്പത്തിക വിജയം നേടാത്തവരെ ഇന്ന് സമൂഹം വിജയികളായി കണക്കാക്കു ന്നില്ല. സമ്പത്തു കൂടിയതോടെ സമ്പന്നരാജ്യങ്ങളിൽ മദ്യപാനവും, മയക്കുമരു ന്നപയോഗവും സാമ്പത്തിക അരക്ഷിതാവസ്ഥയും സാമൂഹിക പ്രശ്നങ്ങളും കൂടി. സൗകര്യങ്ങളും സമ്പത്തും സമൃദ്ധിയും വർദ്ധിച്ചതോടെ ദേവാലയങ്ങൾ യൂറോ പ്പിൽ ശൂന്യമായി. എല്ലാവരും തിരക്കിലായി! ഒരുവൻ ലോകം മുഴുവൻ നേടി യാലും ആത്മാവിനെ നഷ്ടമായാൽ അവനെന്തു ഫലം. പല മുസ്ലീം സഹോദര ങ്ങൾ പലിശ മുഴുവനും പാവങ്ങൾക്കായി ചെലവഴിക്കുന്നു.

## നിക്ഷേപവും ഹൃദയവും

സമ്പത്തു ഇല്ലാതിരിക്കുകയെന്നത് ശിഷ്യത്വത്തിന്റെ ആവശ്യഘടകമാണ്. സമ്പ ത്തിൽ ശ്രദ്ധിക്കുന്നവരുടെ ഹൃദയം ഭൂമിയിലും സ്വർഗ്ഗീയ നിക്ഷേപത്തിൽ ഉന്നം വയ്ക്കുന്നവരുടെ ഹൃദയം സ്വർഗ്ഗത്തിലും ആയിരിക്കും. ദൈവത്തിനായി ആകു ലപ്പെടന്നവർക്കായി ദൈവം ആകുലപ്പെട്ടുകൊള്ളും. അവിടുത്തെ രാജ്യം അന്വേ ഷിക്കുവിൻ എന്നു പറയുന്നിടത്ത് ആകുലത കടന്നു വരുന്നുണ്ട്. ആകുലപ്പെടാതെ എങ്ങനെ അന്വേഷിക്കാനാവും. ദൈവത്തിനുവേണ്ടി ആകുലപ്പെടുന്നവർക്കായി ദൈവം ആകുലപ്പെടുന്നതിനെയാണ് പരിപാലന എന്നു വിളിക്കുന്നത്.

# ഭോഷനായ ധനവാൻ

ആൽഫ്രഡ് നോബൽ താൻ മരിച്ചുപോയതായി പേപ്പറിൽ വാർത്ത വായിക്കാനിടയായി. അയാളെക്കുറിച്ചുള്ള വിവരണങ്ങൾ കണ്ടു ഞെട്ടി. അറിയപ്പെടുന്ന രാസശാസ്ത്രജ്ഞൻ, വ്യാപ്യാര പ്രമുഖൻ, ഡൈനമറ്റും സ്ഫോടകവസ്തുക്കളും കണ്ടുപിടിച്ച കോടീശ്വരൻ, നാശത്തിന്റെയും മരണത്തിന്റെയും എഞ്ചിനിയർ എന്നൊക്കെയായിരുന്നു വിവരണങ്ങൾ. നോബേലിനു മാനസാന്തരമുണ്ടായി. മരിച്ചാൽ താൻ ഭീകര ജീവിയായി അറിയപ്പെടും. അങ്ങനെ തന്റെ സമ്പത്തു നോബേൽ സമ്മാനം നൽകാൻ നീക്കിവെച്ചു.

നോർത്തമ്പർലസ് എന്ന രാജ്യത്തെ രാജാവ്, ഓസ്വാൾഡ്, വിശുദ്ധ ആരിഡിനെ വിരുന്നിനു ക്ഷണിച്ചു. സാധുക്കൾക്കു നന്മചെയ്യുന്ന രാജാവിന്റെ കൈകൾ അഴുകുകയില്ലെന്നു വിശുദ്ധൻ അനുഗ്രഹിച്ചു. ദൈവത്തിനു പ്രീതികരമായ ആ വലതു കൈ ഇതുവരെ അഴുകിയില്ല.

വൃദ്ധയായ ഒരു വിധവ തന്റെ മടിക്കുത്തുമുഴുവനും അഴിച്ച് ഉണ്ടായിരുന്ന കാശ്ശെല്ലാം കുടഞ്ഞ് നേർച്ചപെട്ടിയിലിട്ടു. ബസ്സ് കാശ് പോലും അവർ മാറ്റി വയ്ക്കാൻ മറന്നുപോയി. ബസ്സിനു പോകാൻ കാശ് വികാരിയച്ചനെ സമീപിച്ചു വാങ്ങി. എന്നാൽ ധനികനായ ഒരു മുതലാളി തന്റെ പേഴ്സിന്റെ ഏതോമൂലയിൽ നിന്നും ഒരു നാണയമെടുക്കാൻ ഒത്തിരി ബുദ്ധിമുട്ടിയ ശേഷമാണ് നേർച്ചയിട്ടത്. അയാളുടെ ഹൃദയം പണപ്പെട്ടിയിൽ ഉടക്കി കിടക്കുന്നതാണ്.

അലക്സാണ്ടർ ചക്രവർത്തി ഗ്രീസ് ഭരിച്ചിരുന്നപ്പോൾ ചിന്തകനായ ഡയേജനിസിന് കൊടുത്തയച്ച സമ്മാനം അദ്ദേഹം നിരസിച്ചു കൊണ്ടു പറഞ്ഞു,"ഞാൻ അമിത ആഗ്രഹങ്ങൾ ഇല്ലാത്തവനാണ്. ആഗ്രഹങ്ങളില്ലാത്തവർക്ക് യാതൊന്നും നൽകാൻ ഒരാൾക്കും കഴിയുകയില്ല. അത്യാഗ്രഹിയാണ് ദരിദ്രരിൽ ദരിദ്രൻ.അതിരു കടന്ന ആഗ്രഹങ്ങളെ തൃപ്തിപ്പെടുത്തുന്നതല്ല, അവയെ കുറയ്ക്കുന്നതിലാണ് സന്തോഷം."

ജോൺ വെസ്ലി എന്ന മഹാൻ ഓക്സ്ഫോഡിൽ സേവനം ചെയ്തകാലത്ത് 30 പവൻ പ്രതിഫലം കിട്ടിയിരുന്നു. അതിൽ 28 പവൻ ചെലവാക്കി 2 പവൻ ദാനം ചെയ്തു വന്നു. പിന്നീടദ്ദേഹത്തിനു 60,90,120 പവൻ വരെ പ്രതിഫലം കിട്ടിയപ്പോഴും തന്റെ ചെലവു മുഴുവനും 28 ൽ ഒതുക്കി നന്മചെയ്തുവന്നു. അതാണ് യേശുവിന്റെ വചനമനുസരിച്ചുള്ള ജീവിതസാക്ഷ്യം. പണത്തെ സ്നേഹിക്കുന്നവൻ പാപം ചെയ്യുന്നു.

ഇറാനിൽ ഭൂകമ്പമുണ്ടായപ്പോൾ ഇരു ചുമലിലും മക്കളുടെ മൃതദ്ദേഹം തൂക്കി സെമിത്തേരിയിലേക്കു പോകുന്ന പിതാവിന്റെ ഫോട്ടോ ഉണ്ടായിരുന്നു. ഉറങ്ങി ഉണരുമുമ്പ് അയാളുടെ സ്വപ്നങ്ങളെല്ലാം ശവമായി തോളിൽ തൂങ്ങി.

# ദൈവപരിപാലന വയൽലില്ലിയും കാക്കയും

ജീവനും ശരീരവും മനുഷ്യന്റെ രണ്ടു പ്രധാന ചിന്തകളാണ്. ലില്ലിയുടെ സൗന്ദര്യം അതിന്റെ ശ്രമഫലമല്ല, എന്നാൽ കൊട്ടാരത്തേക്കാൾ സുന്ദരമാണത്. ഭക്ഷണ ത്തേക്കാൾ വസ്ത്രത്തേക്കാൾ വിലപ്പെട്ട നിത്യജീവൻ തേടുകയാണ് ശിഷ്യർ ചെയ്യേണ്ടത്. പറവകളെ സംരക്ഷിക്കുന്ന, ലില്ലിച്ചെടിയെ അലങ്കരിക്കുന്ന ദൈവം മനുഷ്യരെ തീർച്ചയായും കാത്തു പരിപാലിക്കും. ആകുലതയില്ലാതെ ജീവിക്കാൻ പക്ഷികളെയും സസ്യങ്ങളേയും മാതൃകയായി ഈശോ നൽകുന്നു. നിസ്സാരപ ക്ഷികളെയും, കുറ്റിച്ചെടിയെയും പാലിക്കുന്നവൻ തന്റെ അരുമകളെ എത്രമാത്രം പോറ്റും.

ജീവന്റെ പാലകൻ കർത്താവാണ്. ആയുസ്സിന്റെ കാലം നീട്ടാൻ കഴിയാത്ത മനു ഷ്യന് അതു കാത്തുപരിപാലിക്കാനുമാകില്ല. ചെടികളെപ്പോലെ ഹൃസ്വായുസ്സുള്ള (സങ്കീ 102/1-സായാഹ്നത്തിലെ നിഴൽ പോലെ, എന്റെ ദിനങ്ങൾ കടന്നുപോകു ന്നു, പുല്ലുപോലെ ഞാൻ വാടിക്കരിഞ്ഞു പോകുന്നു) മനുഷ്യൻ ഉത്കണ്ഠപ്പെടേ ണ്ട, അവരുടെ പ്രതീക്ഷ സ്വർഗ്ഗസ്ഥനായ പിതാവിലായിരിക്കണം. നിത്യജീവനും ജീവിതവും അവിടുന്നു നമുക്കു തരും. "നിങ്ങളെക്കുറിച്ച് ശ്രദ്ധയുള്ള ദൈവത്തിൽ നിങ്ങളുടെ ഉത്കണ്ഠകൾ അർപ്പിക്കുവിൻ" പിതാവു മക്കളെയെന്ന പോലെ ദൈവം മനുഷ്യനെ പാലിക്കുന്നതിനാൽ ഭയം വേണ്ട.

വിതയ്ക്കുകയോ, കൊയ്യുകയോ ചെയ്യാതെ നിർഭയരായി ജീവിക്കുന്ന പക്ഷി കളെ ദൈവം പോറ്റുന്നു. അവ പറക്കുകയും ഇരതേടുകയും ചെയ്യുന്നു. ഉത്ക ണ്ഠപ്പെടാതെ പണിയെടുക്കുകയാണ് മനുഷ്യൻ ചെയ്യേണ്ടത്. ലില്ലിയുടെ മനോ ഹാരിത ദൈവത്തിന്റെ പ്രവൃത്തിയാണ്. ജന്തുലോകത്തുനിന്നും സസ്യലോകത്തു നിന്നും ഉദാഹരണങ്ങൾ യേശു എടുത്തുകാട്ടുന്നു. വിതയ്ക്കുന്നതിലും കൊയ്യു ന്നതിലും വ്യഗ്രത കാട്ടുന്ന പുരുഷനും, തുന്നുന്നതിലും നൂൽ നൂൽക്കുന്നതിലും വ്യഗ്രതകാട്ടുന്ന സ്ത്രീയും ഈ ഉപദേശം കേൾക്കണം.

അനുദിന കാര്യങ്ങളിൽ വ്യഗ്രതകാട്ടുന്നവരെ അൽപവിശ്വാസികളായി പുതിയ നിയമം കാണുന്നു. വിജാതീയർ രക്ഷാപദ്ധതിയെക്കുറിച്ചോ, ദൈവപരിപാലന യെക്കുറിച്ചോ ചിന്തിക്കുന്നില്ല. ലൂക്കായുടെ വീക്ഷണത്തിൽ വിശ്വാസികൾ ദൈവ രാജ്യം മാത്രം അന്വേഷിച്ചാൽ മതി, ബാക്കിയെല്ലാം താനേ വന്നു ചേരും. മത്താ യിയുടെ വീക്ഷണത്തിൽ മനുഷ്യർ ആദ്യം ദൈവരാജ്യം അന്വേഷിക്കണം. പിന്നീട് ഭൗമികകാര്യങ്ങളാകാം.

വിശ്വാസത്തിനായി രക്തം ചിന്തുന്നവരെ മഹത്വത്തിന്റെ വെള്ള വസ്ത്രം അണി യിക്കുന്നവനാണ് പിതാവ് (വെളി. 3/5, 18, 4/4). ചെറിയ ആട്ടിൻ പറ്റമേ എന്നു വിളിച്ചു സഭയെ കർത്താവു ആശ്വസിപ്പിക്കുന്നു, വ്യക്തികൾ അനുഭവിക്കുന്ന പാലനം സമൂഹമെന്ന നിലയിലും സഭ അനുഭവിക്കും.

# ദൈവപരിപാലന വയൽലിലില്ലിയും കാക്കയും

ഭാവിയെക്കുറിച്ച് പദ്ധതികൾ വേണ്ടെന്നല്ല, അലസരായിരിക്കണമെന്നല്ല, ആകുലത പാടില്ല അതാണ് യേശുവിന്റെ സന്ദേശം. സൂര്യനൊപ്പം പറവയും പറന്നുയരുന്നുണ്ട്. കഴിവിന്റെ പരമാവധി അദ്ധ്വാനിച്ചശേഷം ബാക്കി കാര്യങ്ങൾ ദൈവത്തിനു വിടുക.

ജീവിതം ഒരു മണിക്കൂർ നീട്ടിത്തരാൻ ആകാത്ത ആകുലതകൾക്ക് ആയുസ്സ് എങ്ങനെ സുരക്ഷിതമാക്കാനാകും. മനസ്സ് വെറുതെ നീററരുത്. അതാണ് സന്ദേശം.

ആകുലത വിജാതീയർക്കു യോജിച്ചതാണ്. അവർക്ക് ദൈവത്തിന്റെ പിതൃത്വത്തെക്കുറിച്ചറിവില്ല. ക്ഷിപ്രകോപികളായ ദേവന്മാരെ സമീപിക്കാനാവാത്തതിനാൽ അവർ സ്വന്തം ജീവിതത്തെ കുറിച്ച് ആകുലപ്പെടുന്നു. ദൈവം തലയിലെ മുടിപോലും എണ്ണിയിരിക്കുന്നു. യേശുവിന്റെ ദൗത്യം ദൈവരാജ്യം പ്രസംഗിക്കുകയാണ്. യഹൂദവീക്ഷണത്തിൽ വിജാതിയരുടെ പ്രധാനപാപങ്ങളിൽ ഒന്നാണ് ധനമോഹം, അശുദ്ധി, വിഗ്രഹാരാധന എന്നിവ പോലെ. ധനമോഹവും തർക്കവും ശിഷ്യർക്കു പററിയതല്ല.

നമ്മുടെ വീടിന്റെ തറയിൽ കിടക്കുന്ന, നാം കാണാതെ പോകുന്ന ഒരുമണിയരി കൊത്തിപ്പറക്കുന്ന പറവ നമ്മെ എന്തുമാത്രം പഠിപ്പിക്കുന്നു. ടെൻഷൻ പിടിക്കരുത്. വസ്ത്രത്തേക്കാൾ വിലയുള്ള ശരീരവും ഭക്ഷണത്തേക്കാൾ വിലയുള്ള ജീവനും തന്ന ദൈവത്തിലേക്കു നോക്കി, കിട്ടിയിരിക്കുന്ന വലിയ നന്മകളിലേക്കു നോക്കി, ചെറിയവ തരാൻ ദൈവത്തിന് ഇതിനേക്കാൾ എളുപ്പമാണെന്ന മിനിമം വിശ്വാസം കർത്താവ് ആവശ്യപ്പെടുന്നു. നൂററാണ്ടു കാലം പ്രസക്തിയുള്ള ചോദ്യമാണ് ആർക്കാണ് ആകുലതകൊണ്ട് ആയുസ്സുകൂട്ടാനാവുക എന്ന ചോദ്യം. ആകുലത നമ്മെ ജീവിതത്തിൽ പിന്നോട്ടടിക്കുന്നു.

ആകാശപ്പറവയെ പോററുന്നവന് നാം ടെൻഷൻ പിടിച്ചാൽ പണിയില്ലാതാകും. കൂടുതൽ ശമ്പളം എങ്ങനുണ്ടാക്കാമെന്ന് അപ്പനും, നല്ല ഭക്ഷണം എങ്ങനുണ്ടാക്കാമെന്നു അമ്മയും, ചുരിദാർ എന്നു വാങ്ങണമെന്നു മകളും, മൊബൈൽ ഏതു വാങ്ങണമെന്നു മകനും, ഇന്തയ്ക്കു ലോകകപ്പു എങ്ങനെയാകുമെന്നു കുട്ടികളും അഞ്ചു വർഷം എങ്ങനെ തികയ്ക്കുമെന്ന് രാഷ്ട്രീയക്കാരനും, ഭരണമെങ്ങനെ തിരിച്ചുപിടിക്കാമെന്നു പ്രതിപക്ഷവും ടെൻഷനിലാണ്. ഭക്തർ നിരീശ്വരവാദിയെക്കുറിച്ചും, ബാലൻ കളിയെക്കുറിയ്യും യുവാവ് പ്രിയതമയെക്കുറിച്ചും ടെൻഷനിലാണ്.

പങ്കു വയ്ക്കുകയും പ്രാർത്ഥിക്കുകയുമാണ് ടെൻഷന് പരിഹാരം. ആത്മഹത്യയിൽ നിന്നു പലരും മനോവികാരങ്ങൾ പങ്കുവയ്ക്കുന്നതിലൂടെ രക്ഷപ്പെട്ടിട്ടുണ്ട്. പല പേടികളും അസ്ഥാനത്താണ്.